165 (1769) ആയുർവേദ ആശുപത്രികൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആസ്ഥാനങ്ങളിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രികൾ നിലവിൽ ഉണ്ട്;

(ബി) താലൂക്ക് ആസ്ഥാനമായ നെടുമങ്ങാട് ഗവൺമെന്റ് ആയുർവേദ ആശുപത്രി നിലവിലില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയുർവേദ ആശുപത്രി തുടങ്ങുന്നതിന് സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് 63 താലൂക്കുകൾ ഉള്ളതിൽ മൂപ്പതെണ്ണത്തിൽ മാത്രമേ താലൂക്ക് തലത്തിലുള്ള ആയുർവേദ ആശുപത്രികൾ നിലവിലുള്ളൂ. പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ആയുർവേദ ആശുപത്രികൾ ഇല്ലാത്ത താലൂക്കുകളിൽ കൂടി അവ തുടങ്ങണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

166 (1770) അലോപ്പതി-ആയുർവേദ ഡോക്ടർമാരുടെ ശമ്പളതുല്യത

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി-ആയുർവേദ ഡോക്ടർമാരുടെ ശമ്പളതുല്യത സംബന്ധിച്ച നിവേദനങ്ങളിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ആയുർവേദ വിഭാഗക്കാർക്ക് തുല്യശമ്പളം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ ശമ്പളതുല്യത നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ ശമ്പളതുല്യത നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) അലോപ്പതി ഡോക്ടർമാർ പി.എസ്.സി നിയമന കാര്യങ്ങളിൽ ഷോർട്ടേജ് കാറ്റഗറിയായി തുടരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജ് ട്യൂട്ടർ, അസിസ്റ്റന്റ് സർജൻ എന്നീ പോസ്റ്റുകളിൽ പി.എസ്.സി. ലിസ്റ്റുപ്രകാരം നിയമനം തുടങ്ങിയപ്പോൾ ട്യൂട്ടർ പോസ്റ്റുകളിൽ ഡോക്ടർമാരുടെ ബാഹുല്യവും അസിസ്റ്റന്റ് സർജൻ വിഭാഗങ്ങളിൽ കുറവും വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ആവശ്യമുള്ള അസിസ്റ്റന്റ് സർജൻ പോസ്റ്റുകളിൽ കുറവുവരുന്നത് ഇല്ലാതാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(എഫ്) സേവനകാലാവധിയിൽ ലീവ് എടുത്ത് ഉപരിപഠനം നടത്തിയതിനുശേഷം വീണ്ടും ലീവ് എടുത്ത് വിദേശജോലിക്കുപോയ എത്ര

LIBRARY ARCHIVES Kerala Legislative Assembly